പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2243 **27-10-2026-ൽ മറുപടിയ്ക്ക്**

വാളകത്തെ പോലീസ് എയ്ഡ്പോസ്റ്റിന്റെ അടിസ്ഥാന സൗകര്യ വികസനം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. എൻ. ബാലഗോപാൽ ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ വാളകത്ത് ഉമ്മന്നൂർ പഞ്ചായത്തിന്റെ അധീനതയിലുള്ള ഭൂമി ആഭ്യന്തര വകുപ്പിന് കൈമാറിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

മറുപടി: ഇതു സംബന്ധിച്ച ശിപാർശകളൊന്നും തന്നെ നിലവിൽ സർക്കാർ പരിഗണനയിലില്ല.

(ബി) വാളകം പോലീസ് എയ്ഡ് പോസ്റ്റിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി 2026-27-ലെ വാർഷിക ബജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ട്; പ്രസ്തുത തുക വിനിയോഗിക്കുന്നതിനായി സ്വീകരിച്ച തുടർനടപടികൾ വ്യക്തമാക്കാമോ?

മറുപടി: വാളകം പോലീസ് എയ്ഡ് പോസ്റ്റിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി 2026-27 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല.

സെക്ഷൻ ഓഫീസർ